## റിപ്പോർട്ട് സമർപ്പണം

## 1. കാര്യോപദേശക സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭാനേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച റിപ്പോർട്ടും

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ

ടേക്കൺ റിപ്പോർട്ടും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

3. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2014-15- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ടും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

4. ഹർജികൾ സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. മോൻസ് ജോസഫ്: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും

റിപ്പോർട്ടുകൾ

ശ്രീ. ജോസ് തെറ്റയിൽ: സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.